"ഭരണഭാഷ- മാതൃഭാഷ"

കേരളം സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് -പഞ്ചായത്ത് ജീവനക്കാര്യം - ഇടുക്കി ജില്ലയിലെ മൂന്നാർ, ചിന്നക്കനാൽ ഗ്രാമപഞ്ചായത്തുകളിൽ സെക്രട്ടറിയായിരുന്ന ശ്രീ. ജെ മധുസൂദനൻ ഉണ്ണിത്താൻ (റിട്ട.)- ന് എതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കി- ഉത്തരവ് പുറപ്പെടുവിക്കുന്നു

തദ്ദേശ സ്വയംഭരണ(ഇ പി ബി) വകുപ്പ്

സ.ഉ.(സാധാ) നം.2092/2026/LSGD തീയതി,തിരുവനന്തപുരം, 04-11-2026

പരാമർശം:-

1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ **22/10/2019** തീയതിയിലെ **E8 (PE 14/2018/IDK) 18046/18** നമ്പർ കത്ത്.
2. സർക്കാരിന്റെ **28/05/2022** തീയതിയിലെ ഇപിബി2/280/2019/തസ്വഭവ. നമ്പർ കുറ്റപത്രം.
3. ശ്രീ. ജെ മധുസൂദനൻ ഉണ്ണിത്താൻ **10/08/2023** ൽ സമർപ്പിച്ച എതിർവാദ പത്രിക.
4. തദ്ദേശ സ്വയംഭരണ വകുപ്പ് ഇടുക്കി ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയത്തിലെ ഇൻ്റേണൽ വിജിലൻസ് ഓഫീസറുടെ **24.09.2024**-ലെ **IVO-III/LSGD-IDK/200** നമ്പർ കത്ത്.
5. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ **29.09.2024**-ലെ **LSGD/PD/33602/2024-VIGB4** നമ്പർ കത്ത്.
6. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ കാര്യാലയത്തിലെ വിജിലൻസ് വിഭാഗം ഡെപ്യൂട്ടി ഡയറക്ടറുടെ **04.01.2025**-ലെ അന്വേഷണ റിപ്പോർട്ട്.
7. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ **16.01.2025**-ലെ **LSGD/PD/33602/2024-VIGB4** നമ്പർ കത്ത്.
8. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ **26/05/2025**-ലെ **LSGD/PD/4271/2023-VIGB4** നമ്പർ കത്ത്.
9. സർക്കാരിന്റെ **24/09/2025** തീയതിയിലെ ഇപിബി2/117/2025/തസ്വഭവ. നമ്പർ കുറ്റാരോപണ മെമ്മോ/ പത്രിക.
10. ശ്രീ. ജെ മധുസൂദനൻ ഉണ്ണിത്താൻ **18/10/2025** ൽ സമർപ്പിച്ച

എതിർവാദ പത്രിക.

11. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ **25/02/2026**-ലെ **LSGD/PD/4271/2023-VIGB4** നമ്പർ കത്ത്.
12. **27-03-2026** ലെ സ.ഉ(സാധാ) നം. **827/2026/LSGD** നമ്പർ ഉത്തരവ്.
13. ഇടുക്കി ജില്ല ജോയിന്റ് ഡയറക്ടറുടെ **16/05/2026** ലെ **LSGD/JD/IDK/1066/2023-A3** നമ്പർ ഔപചാരിക അന്വേഷണ റിപ്പോർട്ട്
14. സർക്കാരിന്റെ **28/05/2022** തീയതിയിലെ ഇപിബി**2/117/2025**/തസ്വഭവ. നമ്പർ കാരണം കാണിക്കൽ നോട്ടീസ്
15. ശ്രീ.ജെ മധുസൂദനൻ ഉണ്ണിത്താന്റെ **31/08/2026** ലെ എതിർവാദ പത്രിക .

ഉത്തരവ്

മൂന്നാർ ഗ്രാമപഞ്ചായത്തിലെ കാർമൽ പള്ളിയിലെ അനധികൃത നിർമ്മാണത്തിനെതിരെ നടപടി സ്വീകരിക്കാത്തത് സംബന്ധിച്ച വിഷയത്തിലും ചിന്നക്കനാൽ ഗ്രാമപഞ്ചായത്തിൽ, ബഹു.ഹൈക്കോടതി വിധി പരിഗണിക്കാതെ വിവിധ സ്ഥാപനങ്ങൾക്ക് ലൈസൻസ് പുതുക്കി നൽകിയ സംബന്ധിച്ച വിഷയത്തിലും സർവ്വീസിൽ നിന്നും വിരമിച്ചിരുന്ന ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ.ജെ മധുസൂദനൻ ഉണ്ണിത്താനെതിരെ പരാമർശം**(9)** പ്രകാരം സർക്കാർ തലത്തിൽ അച്ചടക്ക നടപടി നിലവിലുണ്ടായിരുന്നു.

2.ശ്രീ. ജെ. മധുസൂദനൻ ഉണ്ണിത്താൻ ഇടുക്കി ജില്ലയിലെ മൂന്നാർ ഗ്രാമപഞ്ചായത്ത് ഓഫീസിലെ സെക്രട്ടറിയായിരിക്കെ, മൂന്നാർ കാർമൽ പള്ളി അധികൃതർ അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയതുമായി ബന്ധപ്പെട്ട പരാതിയിന്മേൽ വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ പ്രാഥമിക അന്വേഷണം നടത്തി ചുവടെ പറയുന്ന ക്രമക്കേടുകൾ കണ്ടെത്തി പരാമർശം **(1)** പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിരുന്നു.

വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ അന്വേഷണത്തിൽ സാക്ഷി മൊഴികളുടെ അടിസ്ഥാനത്തിൽ കാർമ്മൽ പള്ളി വക കെട്ടിടത്തിന് ചോർച്ച മാറ്റുന്നതിനായി മുകളിൽ റൂഫിംഗ് നടത്തുന്നതിനായി പഞ്ചായത്തിൽ നിന്നും അനുമതി വാങ്ങിയിരുന്നുവെന്നും **GI** ഷീറ്റ് ഉപയോഗിച്ച് റൂഫിംഗ് നടത്തുകയും, തുടർന്ന് കുട്ടികൾക്ക് മതപഠനം നടത്തുന്നതിനായി സൈഡ് അരഭിത്തി കെട്ടി ഗ്ലാസ് ഇട്ട് മറച്ച് നിയമവിരുദ്ധമായി ഹാൾ നിർമ്മിച്ചിട്ടുള്ളതായും, പള്ളി കമ്മിറ്റിയുടെ അനുമതിയോടെയാണ് എല്ലാ ജോലികളും ചെയ്തിട്ടുള്ളതെന്നും,

അനധികൃത നിർമ്മാണം **2015** ജൂൺ മാസത്തിൽ ആരംഭിച്ചിട്ടുള്ളതും, ഘട്ടം ഘട്ടമായി ഹാളിൻ്റെ പണികൾ തുടർന്ന് നടത്തിയിരുന്നതും **2018** ജൂൺ മാസത്തോടെ പണികൾ പൂർത്തീകരിച്ചിട്ടുള്ളതുമാണെന്ന് ബോധ്യപ്പെട്ടിട്ടുള്ളതാണ്.

ശ്രീ. മധുസൂദനൻ ഉണ്ണിത്താൻ **28/12/2015** തീയതി മുതൽ **14/07/2016** തീയതി വരെയും, തുടർന്ന് **21/06/2018** തീയതി മുതൽ വിജിലൻസ് അന്വേഷണം നടക്കുന്ന തീയതി വരെയും മൂന്നാർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയായി സേവനമനുഷ്ഠിച്ചിരുന്നു.

റൂഫ് വർക്ക് ചെയ്യാനുള്ള അനുമതി വാങ്ങിയ ശേഷം ആയതിന്റെ മറവിൽ, പഞ്ചായത്ത് അധികൃതർ സ്റ്റോപ്പ് മെമ്മോ നൽകിയിട്ടും അനധികൃതമായി അരഭിത്തി നിർമ്മിച്ചും, ഗ്ലാസ്സ് ഉപയോഗിച്ചും പള്ളിവക കെട്ടിടത്തിന്റെ ടെറസ് ഭാഗം ഹാളായി പള്ളിക്കമ്മിറ്റി നിർമ്മിച്ചത് കെട്ടിട നിർമ്മാണ ചട്ടങ്ങളുടെ ലംഘനമാണ്. ഇക്കാര്യത്തിൽ പഞ്ചായത്ത് അധികൃതരുടെ ഭാഗത്ത് അഴിമതി നടന്നതായി വെളിവായിട്ടില്ലാത്തതാണ്. എന്നാൽ **28.12.2015** തീയതി അനധികൃത നിർമ്മാണപ്രവർത്തനങ്ങൾ ഉടമസ്ഥർ തന്നെ പൊളിച്ചു നീക്കണമെന്നാവശ്യപ്പെട്ട് പഞ്ചായത്ത് സെക്രട്ടറി ശ്രീ. മധുസൂദനൻ ഉണ്ണിത്താൻ കെട്ടിട ഉടമക്ക് നോട്ടീസ് നൽകിയിട്ടുള്ളതാണ്. മൂന്നാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി **16.09.2017** തീയതി കെട്ടിട ഉടമക്ക് അനധികൃത നിർമ്മാണം പൊളിച്ചു നീക്കണമെന്നാവശ്യപ്പെട്ട് സ്റ്റോപ്പ് മെമ്മോയും നൽകിയിട്ടുള്ളതാണ്. ടി നോട്ടീസും സ്റ്റോപ്പ് മെമ്മോയും കൈപ്പറ്റിയ ശേഷവും കെട്ടിട ഉടമ അനധികൃത നിർമ്മാണം തുടർന്നും നടത്തിയിട്ടുള്ളതും, പൂർത്തിയാക്കിയിട്ടുള്ളതുമായി അന്വേഷണത്തിൽ വെളിവായിട്ടുള്ളതാണ്.

നിർമ്മാണ ഭാഗങ്ങൾ ഉടമ തന്നെ പൊളിച്ചു നീക്കണമെന്ന് നോട്ടീസിലും സ്റ്റോപ്പ് മെമ്മോയിലും ആവശ്യപ്പെട്ടിരുന്നിട്ടും കെട്ടിട ഉടമയായ മൂന്നാർ കാർമ്മൽ പള്ളി അധികൃതർ ആയത് പൊളിച്ചു കളയാത്ത സാഹചര്യത്തിൽ കേരള പഞ്ചായത്ത് രാജ് ആക്ട് **235W(3)** പ്രകാരം പഞ്ചായത്ത് സെക്രട്ടറിക്ക് കെട്ടിടമോ അതിന്റെ ഭാഗമോ പൊളിച്ചു മാറ്റാവുന്നതും, അതിനു വേണ്ടി വരുന്ന ചിലവ് ഉടമസ്ഥനിൽ നിന്നും ഈടാക്കാവുന്നതുമാണ്. ആയതിനാൽ മൂന്നാർ കാർമ്മൽ പള്ളി അധികൃതർ കടമുറികളുടെ മുകളിലായി അനധികൃതമായി നിർമ്മിച്ച ഹാൾ പൊളിച്ചു കളയുന്നതിന് നടപടി സ്വീകരിക്കാതിരുന്നത് പരാമർശ കാലയളവിൽ മൂന്നാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരായിരുന്നവരുടെ ഭാഗത്തു നിന്നുള്ള വീഴ്ചയാണ്. ടി സെക്രട്ടറിമാർക്കെതിരെ വകുപ്പ്തല നടപടി സ്വീകരിക്കുന്നതിന് വിജിലൻസ് ശിപാർശ ചെയ്തിരുന്നു.

മേൽ ശിപാർശയുടെ അടിസ്ഥാനത്തിൽ, മൂന്നാർ കാർമ്മൽ പള്ളി അധികൃതർ പഞ്ചായത്തിൽ നിന്നും റൂഫിംഗ് ചെയ്യാൻ അനുമതി വാങ്ങിയ ശേഷം മൂന്നാമത്തെ നിലയുടെ മുകളിൽ അരഭിത്തി നിർമ്മിച്ച് ഗ്ലാസ്സിട്ട് അനധികൃതമായി ഹാൾ നിർമ്മിച്ചതിന് കേരള പഞ്ചായത്ത് രാജ് ആക്ട് **235 (W)** പ്രകാരം തുടർനടപടി

സ്വീകരിക്കാതിരുന്ന ശ്രീ. മധുസൂദനൻ ഉണ്ണിത്താനെതിരെ സർക്കാർ തലത്തിൽ പരാമർശം (2) പ്രകാരം 28/05/2022 ൽ 1960 ലെ KCS (CC&A) ചട്ട പ്രകാരം കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിക്കുകയും പ്രസ്തുത കുറ്റപത്രത്തിന് പരാമർശം (3) പ്രകാരം ലഭ്യമാക്കിയ എതിർവാദ പത്രികയിന്മേൽ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (8) പ്രകാരം അഭിപ്രായ റിപ്പോർട്ട് സമർപ്പിച്ചിരുന്നു. എന്നാൽ, ടിയാൻ സേവനത്തിൽ നിന്നും 31/05/2025-ൽ വിരമിച്ചതിനാൽ KCS (CC & A) Rules പ്രകാരം അച്ചടക്ക നടപടി തുടരാൻ സാധിക്കാത്തതിനാൽ കെ.എസ്.ആർ പാർട്ട് III ചട്ടം 3(a) പ്രകാരം അച്ചടക്ക നടപടി ആരംഭിക്കാൻ സർക്കാർ തീരുമാനിക്കുകയുണ്ടായി.

3.എന്നാൽ ശ്രീ. മധുസൂദനൻ ഉണ്ണിത്താനെതിരെ മേൽ അച്ചടക്ക നടപടി കൂടാതെ, ഇടുക്കി ജില്ലയിലെ ചിന്നക്കനാൽ ഗ്രാമപഞ്ചായത്തിൽ നടന്നിട്ടുള്ള അനധികൃത കെട്ടിട നിർമ്മാണം സംബന്ധിച്ച് പ്രിൻസിപ്പൽ ഡയറക്ടറുടെ കാര്യാലയത്തിൽ തുടർന്നു വന്നിരുന്ന അച്ചടക്ക നടപടി ടിയാൻ സേവനത്തിൽ നിന്നും വിരമിച്ചതിനാൽ തുടർ നടപടി സ്വീകരിക്കുന്നതിനായി സർക്കാരിലേയ്ക്ക് ശിപാർശ ചെയ്യുകയുണ്ടായി.

ഇടുക്കി ജില്ലയിലെ ചിന്നക്കനാൽ ഗ്രാമപഞ്ചായത്തിൽ നടന്നിട്ടുള്ള അനധികൃത കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് വന്ന മാധ്യമ വാർത്തകളെത്തുടർന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് ഇടുക്കി ഇന്റേണൽ വിജിലൻസ് ഓഫീസർ പ്രസ്തുത പഞ്ചായത്തിൽ ആകസ്മിക പരിശോധന നടത്തി പരാമർശം (4) പ്രകാരം സമർപ്പിച്ച റിപ്പോർട്ടിൽ, ദേവികുളം, ഉടുമ്പൻചോല, പീരുമേട് താലൂക്കുകളിൽ സ്റ്റോപ്പ് മെമ്മോക്ക് വിരുദ്ധമായി നടന്നു വരുന്ന 57 കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തിരമായി നിർത്തി വയ്ക്കുന്നതിനും പ്രസ്തുത കെട്ടിടങ്ങൾ തുടർന്ന് ഉപയോഗിക്കുന്നില്ലെന്ന് ഉറപ്പ് വരുത്തുന്നതിനും ബഹു. കേരള ഹൈക്കോടതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതും ആയതിൽ ചിന്നക്കനാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ വരുന്ന 7 കെട്ടിടങ്ങളിൽ നടത്തിയിട്ടുള്ള അനധികൃത നിർമ്മാണവുമായി ബന്ധപ്പെട്ട് ചുവടെ പറയുന്ന ഗുരുതരമായ ക്രമക്കേടുകൾ കണ്ടെത്തിയതായി റിപ്പോർട്ട് ചെയ്തിരുന്നു.

i.ചിന്നക്കനാൽ ഗ്രാമപഞ്ചായത്തിൽ ശ്രീ.മനോജ് എം.എസ്. എന്നയാളുടെ ഉടമസ്ഥതയിലുള്ള 3/42, 3/43 നമ്പർ കെട്ടിടങ്ങളുടെ നിലവിലെ അവസ്ഥ അസസ്മെന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ള വിവരങ്ങളിൽ നിന്നും വ്യത്യസ്തമായി കെട്ടിടം രണ്ട് നിലകളായി പുതുക്കിപണിതിട്ടുള്ളതായി ബോദ്ധ്യപ്പെട്ടിട്ടുണ്ട്. കെട്ടിടത്തിന്റെ വിസ്തീർണ്ണത്തിൽ വർദ്ധനവ് വരുത്തുകയും നിലവിൽ ടി കെട്ടിടം വാസഗൃഹമായും അതോടൊപ്പം ഹോം സ്റ്റേ ആയും ഉപയോഗിക്കുന്നതായും ബോദ്ധ്യപ്പെട്ടിട്ടുണ്ട്. കെട്ടിടം ഉപയോഗിക്കുന്നത് വിലക്കിക്കൊണ്ട് നോട്ടീസ് നൽകിയ കെട്ടിടത്തിന് 12/07/2024 ലെ അപേക്ഷ പ്രകാരം ഹോം സ്റ്റേ അനുവദിച്ചുകൊണ്ട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ലൈസൻസ്

നൽകിയിട്ടുണ്ട്.

ii. *ശ്രീ.വേലുസ്വാമി എന്നയാളുടെ ഉടമസ്ഥതയിലുള്ള* ***3/170, 3/171, 3/6 UA*** *നമ്പർ കെട്ടിടം ഒറ്റ ബിൽഡിംഗ് ആണ്. ഇത് നാല് ഭാഗങ്ങളാക്കി ടിയാന്റെ കുടുംബാംഗങ്ങൾ തന്നെ പാർപ്പിടാവശ്യത്തിനായി വിനിയോഗിക്കുന്നുണ്ട്. കെട്ടിടത്തിന്റെ വിസ്തീർണ്ണത്തിൽ വർദ്ധനവ് വരുത്തുകയും ശ്രീ. വേലുസ്വാമിയുടെ പേരിൽ* ***3/170, 3/171*** *എന്നീ നമ്പർ കെട്ടിടങ്ങൾ നിലവിലുള്ളപ്പോൾ തന്നെ ടിയാൾക്ക് സെക്രട്ടറി* ***3/6 UA*** *കെട്ടിട നമ്പർ അനുവദിച്ച് നല്കുകയും ചെയ്തു.*

iii.*ശ്രീ. എൽ. ഗണേശൻ എന്നയാളുടെ പേരിൽ* ***3/402-3/406, 3/444-3/447*** *ആയി* ***9*** *കെട്ടിട നമ്പറുകൾ അനുവദിച്ച് നൽകിയിട്ടുള്ളതായി സഞ്ചയ സോഫ്റ്റ് വെയറിൽ നിന്നും ബോധ്യപ്പെട്ടിട്ടുണ്ട്. ഒറ്റ നില കെട്ടിടത്തിനാണ് നമ്പർ അനുവദിച്ചിട്ടുള്ളത്. എന്നാൽ ടി കെട്ടിടം നിലവിൽ* ***2*** *നിലകളായി മാറ്റുകയും കെട്ടിടത്തിന്റെ വിസ്തീർണ്ണത്തിൽ വർദ്ധനവ് വരുത്തുകയും ചെയ്തിട്ടുണ്ട്.*

iv. *ശ്രീ.വി.രാജ് കുമാറിന്റെ പേരിലുള്ള കെട്ടിടം പുതുക്കി പണിയുകയും കെട്ടിടത്തിന്റെ വിസ്തീർണ്ണം വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്.*

v. *ശ്രീ.റെജി ജോയി, പടിപ്പുരയ്ക്കൽ ചിന്നക്കനാൽ എന്നയാളുടെ പേരിൽ* ***2/583*** *മുതൽ* ***2/588*** *വരെയുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളും ഗാർഹികാവശ്യത്തിനുള്ള കെട്ടിടങ്ങളും അനുവദിച്ച് നൽകിയിട്ടുള്ളതായി* ***2013-14*** *ലെ അസസ്മെന്റ് രജിസ്റ്റർ പ്രകാരവും സഞ്ചയ സോഫ്റ്റ് വെയറിൽ നിന്നും ബോധ്യപ്പെട്ടിട്ടുണ്ട്. എന്നാൽ ടി കെട്ടിടത്തിന്റെ ഘടനയിൽ വ്യതിയാനം വരുത്തുകയും കെട്ടിടത്തിന്റെ വിസ്തീർണ്ണത്തിൽ വർദ്ധനവ് വരുത്തുകയും ചെയ്തിട്ടുണ്ട്. ടി കെട്ടിടം ഏതെങ്കിലും രീതിയിൽ ഉപയോഗിക്കാൻ പാടില്ല എന്ന് സെക്രട്ടറി നോട്ടീസ് നൽകുകയും എന്നാൽ അതേ സെക്രട്ടറി തന്നെ ബിവറേജസ് കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള എഫ്.എൽ-1* ***6020*** *നമ്പർ ഷോപ്പ് പ്രവർത്തിക്കുന്നതിന്* ***11.04.2024*** *തീയതിയിൽ ലൈസൻസ് നൽകിയിട്ടുള്ളതായി കാണുന്നു.*

vi. ശ്രീ.ഡേവിഡ് രാജ് ന്റെ ഉടമസ്ഥതയിലുള്ള **10/276** നമ്പർ ഒറ്റ നില കെട്ടിടത്തിന്റെ വിസ്തീർണ്ണം സഞ്ചയ സോഫ്റ്റ് വെയർ പ്രകാരവും **2013-14** ലെ അസസ്മെന്റ് രജിസ്റ്റർ പ്രകാരവും **59.97** ച.മീറ്റർ ആണ്. എന്നാൽ ഫീൽഡ് പരിശോധനയിൽ ടി കെട്ടിടം **3** നിലയിലുള്ളതും **360 (120 X 3)** ച.മീ വിസ്തീർണ്ണം ഉള്ളതാണെന്നും ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

vii. ശ്രീ മണി സി. എന്നയാളുടെ ഉടമസ്ഥതയിൽ **10/284-10/287** നമ്പറിൽ **4** വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളും **10/402, 10/404, 10/404** നമ്പറിൽ **3** ഗാർഹികാവശ്യത്തിനുള്ള കെട്ടിടങ്ങളും ഉള്ളതായി സഞ്ചയ സോഫ്റ്റ് വെയർ പ്രകാരവും **2013-14** ലെ അസസ്മെന്റ് രജിസ്റ്റർ പ്രകാരവും ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ടി

കെട്ടിടം ഏതെങ്കിലും രീതിയിൽ ഉപയോഗിക്കാൻ പാടില്ല എന്ന് ഇടുക്കി ജില്ലാ കളക്ടറുടെ നിർദ്ദേശ പ്രകാരം നോട്ടീസ് നൽകിയിട്ടും മേൽപ്പറഞ്ഞിരിക്കുന്ന **10/284, 10/286** നമ്പർ കെട്ടിടങ്ങളിൽ ശ്രീലക്ഷ്മി ഹോട്ടൽ & ഹോം സ്റ്റേ എന്ന സ്ഥാപനം നടത്തുന്നതിന് **13.06.2024** ൽ സെക്രട്ടറി ലൈസൻസ് നൽകുകയും **10/285** നമ്പർ കെട്ടിടത്തിൽ വസ്ത്ര വ്യാപാരം നടത്തുന്നതിന് **04.05.2024** തീയതിയിൽ ലൈസൻസ് നൽകുകയും ചെയ്തിട്ടുണ്ട്. ടി കെട്ടിടത്തിന്റെ വിസ്തൃതി വർദ്ധിപ്പിച്ചതായും കാണുന്നുണ്ട്.

ബഹു. കേരള ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഇടുക്കി ജില്ലാ കളക്ടർ നിർദ്ദേശം നൽകിയതിനു വിരുദ്ധമായി കെട്ടിടങ്ങൾ വിവിധ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതിന് ലൈസൻസ് അനുവദിച്ചതിൽ ചിന്നക്കനാൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. മധുസൂദനൻ ഉണ്ണിത്താന്റെ ഭാഗത്തുനിന്നും ഗുരുതര കൃത്യവിലോപം, അച്ചടക്കലംഘനം, അധികാരദുർവിനിയോഗം എന്നിവ ബോധ്യപ്പെട്ടതിനാൽ പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം **(5)** പ്രകാരം ടിയാനെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യുകയും തുടർന്ന് പരാമർശ വിഷയം സംബന്ധിച്ച് അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് പ്രിൻസിപ്പൽ ഡയറക്ടറുടെ കാര്യാലയത്തിലെ ഡെപ്യൂട്ടി ഡയറക്ടർ (വിജിലൻസ്) ശ്രീ. ഹരികൃഷ്ണന്റെ നേതൃത്വത്തിൽ അന്വേഷണ സംഘത്തെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. പ്രസ്തുത സംഘം ചിന്നക്കനാൽ ഗ്രാമ പഞ്ചായത്തിൽ നേരിട്ടെത്തി അന്വേഷണം നടത്തിയതിൽ, ചുവടെ പറയുന്ന ക്രമക്കേടുകൾ കണ്ടെത്തിയതായി പരാമർശം **(6)** പ്രകാരം റിപ്പോർട്ട് ചെയ്യുകയുണ്ടായി.

*i.ശ്രീ. എസ്. മനോജ് ന്റെ ഉടമസ്ഥതയിലുള്ള **3/42** നമ്പർ കെട്ടിടത്തിൽ ഗ്രാമപഞ്ചായത്തിന്റെ മുൻകൂർ അനുമതി ഇല്ലാതെ അനധികൃതമായി നടത്തുന്ന നിർമ്മാണ പ്രവൃത്തികൾ നിർത്തി വെയ്ക്കണമെന്ന് കാണിച്ച് **05-07-2024** തീയതിയിൽ സ്റ്റോപ്പ് മെമ്മോ നല്കുകയും ടി കെട്ടിടം യാതൊരു വിധ ആവശ്യങ്ങൾക്കുമായി ഉപയോഗിക്കുന്നില്ല എന്ന് ഉറപ്പുവരുത്തുന്നതിന് ബഹു. ഹൈക്കോടതി വിധി ഉണ്ടായിരുന്നിട്ടും ടി കെട്ടിടത്തിൽ ഹോംസ്റ്റേ നടത്തുന്നതിന് **31-07-2024** തീയതിയിൽ പുതിയതായി ലൈസൻസ് അനുവദിക്കുകയും ചെയ്തു.*

*ii.ബഹു. ഹൈക്കോടതി ഉത്തരവിൽ പറഞ്ഞിരിക്കുന്ന ചിന്നക്കനാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽപ്പെട്ട 7 കെട്ടിടങ്ങളിൽ ശ്രീ. റെജി ജോയിയുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ കെട്ടിട നമ്പർ **2/445** ൽ പ്രവർത്തിക്കുന്ന ബെവ്കോ ഔട്ട് ലെറ്റിന് **15-04-2024** നു ഗ്രാമപഞ്ചായത്ത് സെക്രട്ടറി ലൈസൻസ് പുതുക്കി നൽകി.*

*iii.ബഹു. ഹൈക്കോടതി വിധി നിലനിൽക്കെ ചിന്നക്കനാൽ ഗ്രാമപഞ്ചായത്തിൽ ശ്രീ. മണി സി. എന്നയാളുടെ ഉടമസ്ഥതയിലുള്ള **10/284, 10/286** നമ്പർ കെട്ടിട മുറികളിൽ ശ്രീലക്ഷ്മി ഹോട്ടൽ ആൻഡ് ടൂറിസ്റ്റ് ഹോം എന്ന സ്ഥാപനത്തിന് **13-6-***

2024 നു ലൈസൻസ് പുതുക്കി നൽകി.

iv.ബഹു. ഹൈക്കോടതി വിധി നിലനിൽക്കെ ചിന്നക്കനാൽ ഗ്രാമപഞ്ചായത്തിൽ ശ്രീ. മണി സി. എന്നയാളുടെ ഉടമസ്ഥതയിലുള്ള 10/284 നമ്പർ കെട്ടിടത്തിൽ ശ്രീലക്ഷ്മി ടെക്സ്റ്റൈൽസ് & പ്രൊവിഷൻ സ്റ്റോർ എന്ന സ്ഥാപനത്തിന് 13-6-2024 നു ലൈസൻസ് പുതുക്കി നൽകി.

v.ബഹു. ഹൈക്കോടതി വിധി നിലനിൽക്കെ ചിന്നക്കനാൽ ഗ്രാമപഞ്ചായത്തിൽ ശ്രീ. എൽ. ഗണേശൻ എന്നയാളുടെ ഉടമസ്ഥതയിലുള്ള 3/405 നമ്പർ കെട്ടിടത്തിൽ ശ്രീ. അൻപുരാജ് എന്നയാൾക്ക് എൽ.ജി സ്റ്റോർ നടത്തുന്നതിന് 10-07-2024 നു ലൈസൻസ് പുതുക്കി നൽകി.

തുടർന്ന്, മേൽ അന്വേഷണ റിപ്പോർട്ടിലെ ശിപാർശയുടെ അടിസ്ഥാനത്തിൽ ശ്രീ. മധുസൂദനൻ ഉണ്ണിത്താനെ അച്ചടക്ക നടപടിക്ക് വിധേയമായി പരാമർശം (7) പ്രകാരം സർവ്വീസിൽ പുനപ്രവേശിപ്പിച്ച് പ്രിൻസിപ്പൽ ഡയറക്ടർ ഉത്തരവാകുകയും ടിയാനെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതിന് പരാമർശം (8) പ്രകാരം സർക്കാറിലേയ്ക്ക് ശിപാർശ ചെയ്യുകയുമുണ്ടായി.

4.വിരമിച്ച ജീവനക്കാർക്കെതിരെയുള്ള അച്ചടക്ക നടപടികൾ ഒന്നിച്ച് പരിഗണിച്ച് തീർപ്പാക്കേണ്ടതുള്ളതിനാൽ, മൂന്നാർ, ചിന്നക്കനാൽ പഞ്ചായത്തുകളിൽ സെക്രട്ടറിയായിരിക്കെ മേൽ വിവരിച്ചിട്ടുള്ള ക്രമക്കേടുകൾക്ക് ഉത്തരവാദിയായ ശ്രീ. മധുസൂദനൻ ഉണ്ണിത്താൻ ഗുരുതരമായ കൃത്യവിലോപവും അധികാര ദുർവിനിയോഗവും ചട്ടലംഘനവും നടത്തിയതിനാൽ 31/05/2025-ൽ സർവ്വീസിൽ നിന്നും വിരമിച്ച ടിയാനെതിരെ **KSR Part III Rule 3(a)** പ്രകാരം സർക്കാർ പരാമർശം (9) കുറ്റാരോപണ മെമ്മോ/പത്രിക നൽകുകയുണ്ടായി.

5.മേൽ കുറ്റപത്രത്തിന് ശ്രീ. മധുസൂദനൻ ഉണ്ണിത്താൻ പരാമർശം (10) പ്രകാരം സമർപ്പിച്ച എതിർവാദ പത്രികയ്ക്ക് പരാമർശം (11) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ സമർപ്പിച്ച അഭിപ്രായ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

<u>മൂന്നാർ പഞ്ചായത്തുമായി ബന്ധപ്പെട്ട ആരോപണം</u>

മൂന്നാർ ഗ്രാമപഞ്ചായത്തിലെ മൂന്നാർ ടൗണിൽ കാർമ്മൽ പള്ളി വക കെട്ടിടത്തിൽ റൂഫിംഗ് നടത്തുന്നതിന് KPBR ചട്ടം 10, 29 പ്രകാരം 25.06.2015-ൽ എ2-4793/13 നമ്പരായി സെക്രട്ടറിയായിരുന്ന ശ്രീ. മധുസുദനൻ ഉണ്ണിത്താൻ അനുമതി നൽകിയിരുന്നു. എന്നാൽ പെർമിറ്റിലെ വ്യവസ്ഥകൾ ലംഘിച്ച് കെട്ടിടത്തിന്റെ പാർശ്വഭിത്തികൾ ഇഷ്ടിക കൊണ്ട് കെട്ടി അടയ്ക്കുന്നതായി ശ്രദ്ധയിൽപെട്ടപ്പോൾ 28.12.2015-ൽ അനധികൃത നിർമ്മാണം പൊളിച്ചുമാറ്റണമെന്ന് കാണിച്ച് ടിയാൻ നോട്ടീസ് നൽകിയിരുന്നു. എന്നാൽ ടിയാൻ 14.07.2016-ൽ സ്ഥലംമാറ്റം ലഭിച്ച് പോകുന്നതുവരെയുള്ള ആറ് മാസക്കാലയളവിൽ യാതൊരു തുടർ നടപടികളും

സ്വീകരിച്ചതായി കാണുന്നില്ല. ശ്രീ. മധുസൂദനൻ ഉണ്ണിത്താൻ മുന്നാർ ഗ്രാമപഞ്ചായത്തിൽ നിന്നും സ്ഥലംമാറി പോയതിന് ശേഷമാണ് നിർമ്മാണപ്രവർത്തനങ്ങൾ പുനരാരംഭിച്ചത് എന്ന വാദം അന്വേഷിച്ച് ബോധ്യപ്പെടുന്നതിന് കഴിഞ്ഞിട്ടില്ല. എന്നാൽ ടി കെട്ടിടത്തിൽ ടി കാലയളവിൽ യാതൊരുവിധ നിർമ്മാണ പ്രവർത്തനങ്ങളും നടത്തിയിട്ടില്ല എന്ന് തെളിയിക്കുന്നതിനാധാരമായ രേഖകളോ തെളിവുകളോ ഹാജരാക്കുന്നതിന് ശ്രീ. മധുസൂദനന് സാധിച്ചിട്ടില്ല എന്നതിനാൽ കുറ്റാരോപണ മെമ്മോയിലെ ആരോപണം നിലനിൽക്കുന്നു.

2018 ജൂൺ മാസത്തിലാണ് മേൽ അനധികൃത നിർമ്മാണം പൂർത്തിയാക്കിയത് എന്നാണ് വിജിലൻസ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ളത്. എന്നാൽ, ടിയാൻ രണ്ടാംതവണ മൂന്നാർ ഗ്രാമപഞ്ചായത്തിൽ സേവനത്തിൽ പ്രവേശിച്ചത് **28.06.2018**-ന് ആണെന്ന് ഹാജർ പുസ്തകം പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുള്ളതിനാൽ ടിയാൻ സേവന കാലയളവിലാണ് നിർമ്മാണം പൂർത്തിയാക്കിയത് എന്ന് കരുതാനാവില്ല. ആയതുകൊണ്ട് ഇതു സംബന്ധിച്ച ടിയാന്റെ വാദം അംഗീകരിക്കാവുന്നതാണെന്ന് കാണുന്നു.

<u>ചിന്നക്കനാൽ ഗ്രാമ പഞ്ചായത്തുമായി ബന്ധപ്പെട്ട ആരോപണം</u>

(i) ചിന്നക്കനാൽ ഗ്രാമപഞ്ചായത്തിൽ മൂന്നാം വാർഡിൽ ശ്രീ. എസ്. മനോജിന്റെ ഉടമസ്ഥതയിലുള്ള **3/42** നമ്പർ കെട്ടിടത്തിൽ പരിശോധന നടത്തിയതിൽ പഞ്ചായത്തിൻ്റെ അസസ്മെൻ്റ് രജിസ്റ്റർ പ്രകാരമുള്ള അളവുകളിൽ നിന്നും ടി കെട്ടിടം വ്യത്യസ്തമാണെന്ന് ബോധ്യപ്പെട്ടിട്ടുള്ളതാണ്. ബഹു. ഹൈക്കോടതി ഉത്തരവിനെ തുടർന്ന് പ്രവർത്തനാനുമതി നിഷേധിച്ചിട്ടുള്ള കെട്ടിടങ്ങളിലൊന്നായ മേൽ കെട്ടിടം ഏതെങ്കിലും രീതിയിൽ ഉപയോഗിക്കുന്നില്ല എന്ന് ഉറപ്പുവരുത്തുന്നതിന് നിർദേശിച്ചുകൊണ്ട് കെട്ടിട ഉടമയ്ക്ക് **11.10.2023** തീയതിയിൽ പഞ്ചായത്ത് സെക്രട്ടറിയായ ശ്രീ. മധുസൂദനൻ ഉണ്ണിത്താൻ നോട്ടീസ് നൽകിയിട്ടുണ്ട്. ടി കെട്ടിടത്തിൽ മുൻകൂർ അനുമതി ഇല്ലാതെ നടത്തുന്ന നിർമ്മാണ പ്രവർത്തികൾ നിർത്തിവയ്ക്കണമെന്ന് കാണിച്ച് **05.07.2024** തീയതിയിൽ സെക്രട്ടറി സ്റ്റോപ്പ് മെമ്മോയും നൽകിയിട്ടുണ്ട്. ഇതേ കെട്ടിടത്തിനാണ് ടിയാൻ ആദ്യമായി ഹോംസ്റ്റേക്ക് **31.7.2024**ന് ലൈസൻസ് അനുവദിച്ചു നൽകിയത്. കോടതി ഉത്തരവ് നിലനിൽക്കെ രേഖകൾ പരിശോധിക്കാതെ ഇപ്രകാരം ലൈസൻസ് നൽകിയത് ടിയാന്റെ ഭാഗത്തു നിന്നുള്ള വീഴ്ചയാണ്. **18.12.2024** തീയതി നടത്തിയ സ്ഥലം പരിശോധനയിൽ ടി ഹോംസ്റ്റേ നിലവിൽ പ്രവർത്തിക്കുന്നില്ല എന്നും **2025-26** വർഷം ടി കെട്ടിടത്തിൽ ഹോംസ്റ്റേ പ്രവർത്തിപ്പിക്കുന്നതിന് ലൈസൻസ് പുതുക്കി നൽകിയിട്ടില്ലാത്തതുമാണ്.

(ii)ചിന്നക്കനാൽ ഗ്രാമപഞ്ചായത്തിൽ വാർഡ് **2**-ൽ ശ്രീ. റെജി ജോയിയുടെ ഉടമസ്ഥതയിലുള്ള **2/445** നമ്പർ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ബെവ്കോ ഔട്ട്

ലെറ്റിന് **15.04.2024** തീയതി പഞ്ചായത്ത് സെക്രട്ടറി ശ്രീ മധുസൂദനൻ ഉണ്ണിത്താൻ ലൈസൻസ് പുതുക്കി നൽകിയിട്ടുണ്ട്. ബഹു. ഹൈക്കോടതി ഉത്തരവിനെ തുടർന്ന് പ്രവർത്തനാനുമതി നിഷേധിച്ചിട്ടുള്ള കെട്ടിടങ്ങളിലൊന്നായ മേൽ കെട്ടിടം ഏതെങ്കിലും രീതിയിൽ ഉപയോഗിക്കുന്നില്ല എന്ന് ഉറപ്പുവരുത്തുന്നതിന് നിർദേശിച്ചുകൊണ്ട് കെട്ടിട ഉടമയ്ക്ക് **11.10.2023** തീയതിയിൽ പഞ്ചായത്ത് സെക്രട്ടറിയായ ശ്രീ. മധുസൂദനൻ ഉണ്ണിത്താൻ നോട്ടീസ് നൽകിയിട്ടുണ്ട്. മേൽ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ബെവ്കോ ഔട്ട് ലെറ്റിന് മുൻവർഷങ്ങളിൽ നൽകിവന്നിരുന്ന ലൈസൻസ് പുതുക്കി നൽകുക മാത്രമാണ് താൻ ചെയ്തിട്ടുള്ളതെന്നും ബന്ധപ്പെട്ട ക്ലാർക്ക്, സൂപ്പർവൈസറി ഉദ്യോഗസ്ഥൻ എന്നിവർ ബഹു. ഹൈക്കോടതി ഉത്തരവ് സംബന്ധിച്ച വിവരം ഫയൽ കുറിപ്പിൽ പരാമർശിച്ചിരുന്നില്ല എന്നുള്ള ശ്രീ മധുസൂദനൻ ഉണ്ണിത്താന്റെ വാദം പരിഗണിക്കാമെങ്കിലും, ബഹു. കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടി കെട്ടിടത്തിന്റെ പ്രവർത്തനം സംബന്ധിച്ച് **11.10.2023** തീയതിയിൽ ടിയാൻ തന്നെ നോട്ടീസ് നൽകിയിരുന്ന സാഹചര്യത്തിൽ ടി കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ബെവ്കോ ഔട്ട് ലെറ്റിന് ലൈൻസൻസ് പുതുക്കി നൽകിയതിൽ ടിയാന് ജാഗ്രതക്കുറവ് സംഭവിച്ചിട്ടുണ്ട്.

(iii) & (iv): ബഹു. ഹൈക്കോടതി ഉത്തരവിനെ തുടർന്ന് പ്രവർത്തനാനുമതി നിഷേധിച്ചിട്ടുള്ള ചിന്നക്കനാൽ ഗ്രാമ പഞ്ചായത്തിലെ ശ്രീ. മണി സി. എന്നയാളുടെ ഉടമസ്ഥതയിലുള്ള **10/285** നമ്പർ കെട്ടിടത്തിൽ ശ്രീലക്ഷ്മി ടെക് സ്റ്റൈൽസ് ആൻഡ് പ്രൊവിഷണൽ സ്റ്റോർ എന്ന സ്ഥാപനത്തിനും **10/284, 10/286** നമ്പർ കെട്ടിടങ്ങളിൽ ശ്രീലക്ഷ്മി ഹോട്ടൽ ആൻഡ് ടൂറിസ്റ്റ് ഹോമിനും യഥാക്രമം **14.05.2024, 13.06.2024** എന്നീ തീയതികളിൽ ചിന്നക്കനാൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. മധുസൂദനൻ ഉണ്ണിത്താൻ ലൈസൻസ് പുതുക്കി നൽകിയിട്ടുണ്ട്. മുൻവർഷങ്ങളിൽ നൽകിവന്നിരുന്ന ലൈസൻസ് പുതുക്കി നൽകുക മാത്രമാണ് താൻ ചെയ്തിട്ടുള്ളതെന്നും ബന്ധപ്പെട്ട ക്ലാർക്ക്/സുപ്പർവൈസറി ഉദ്യോഗസ്ഥൻ ബഹു. ഹൈക്കോടതി ഉത്തരവ് സംബന്ധിച്ച വിവരം ഫയൽ കുറിപ്പിൽ പരാമർശിച്ചിരുന്നില്ല എന്നുള്ള ശ്രീ. മധുസൂദനൻ ഉണ്ണിത്താന്റെ വാദം പരിഗണിക്കാമെങ്കിലും ബഹു. കോടതി വിധി അനുസരിച്ച് കെട്ടിടത്തിന്റെ ഉപയോഗം സംബന്ധിച്ച് ടിയാൻ തന്നെ **11.10.2023**-ന് നോട്ടീസ് നൽകിയിരുന്ന സാഹചര്യത്തിൽ ടി കെട്ടിടത്തിന് ലൈസൻസ് പുതുക്കി നൽകിയതിൽ ടിയാൻ്റെ ഭാഗത്തു നിന്നും ജാഗ്രത കുറവുണ്ടായിട്ടുണ്ട്.

(v)ബഹു. ഹൈക്കോടതി ഉത്തരവ് നിലനിൽക്കെ ചിന്നക്കനാൽ ഗ്രാമപഞ്ചായത്തിൽ ശ്രീ. എൽ. ഗണേശൻ എന്നയാളുടെ ഉടമസ്ഥതയിലുള്ള **3/405** നമ്പർ കെട്ടിടത്തിൽ ശ്രീ. അൻബുരാജ് എന്നയാൾക്ക് എൽ. ജി. സ്റ്റോർ നടത്തുന്നതിന് സെക്രട്ടറിയായിരുന്ന ശ്രീ. മധുസൂദനൻ ഉണ്ണിത്താൻ **10/07/2024** ന് ലൈസൻസ് പുതുക്കി നൽകിയിട്ടുണ്ട്. മുൻവർഷങ്ങളിൽ നൽകിവന്നിരുന്ന ലൈസൻസ് പുതുക്കി നൽകുക മാത്രമാണ് താൻ ചെയ്തിട്ടുള്ളതെന്നും ബന്ധപ്പെട്ട ക്ലാർക്ക്

*സൂപ്പർവൈസറി ഉദ്യോഗസ്ഥൻ ബഹു. ഹൈക്കോടതി ഉത്തരവ് സംബന്ധിച്ച് വിവരം ഫയൽ കുറിപ്പിൽ പരാമർശിച്ചിരുന്നില്ല എന്നുമുള്ള ശ്രീ മധുസൂദനൻ ഉണ്ണിത്താൻ്റെ വാദം പരിഗണിക്കാമെങ്കിലും ബഹു. കോടതി വിധി അനുസരിച്ച് കെട്ടിടത്തിൻ്റെ ഉപയോഗം സംബന്ധിച്ച് ടിയാൻ തന്നെ **11.10.2023**-ന് നോട്ടീസ് നൽകിയിരുന്ന സാഹചര്യത്തിൽ ടി കെട്ടിടത്തിന് ലൈസൻസ് പുതുക്കി നൽകിയതിൽ ടിയാൻ്റെ ഭാഗത്തു നിന്നും ജാഗ്രത കുറവുണ്ടായിട്ടുണ്ട്.*

6.മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ കുറ്റപത്രത്തിലെ കുറ്റാരോപണങ്ങളുമായി ബന്ധപ്പെട്ട് **KSR Part III Rule 3(a)** പ്രകാരം മേൽ വിഷയത്തിൽ ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് ഇടുക്കി ജില്ലാ ജോയിന്റ് ഡയറക്ടറെ ചുമതലപ്പെടുത്തി പരാമർശം**(12)** ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ഇടുക്കി ജില്ലാ ജോയിന്റ് ഡയറക്ടർ ചുവടെ സൂചിപ്പിക്കുന്ന ശിപാർശകളോടെപരാമർശം **(13)** പ്രകാരമുള്ള ഔപചാരിക അന്വേഷണ റിപ്പോർട്ട് സർക്കാരിൽ ലഭ്യമാക്കുകയുണ്ടായി.

i. *കുറ്റപത്രത്തിലെ ആരോപണങ്ങൾക്ക് മറുപടി നൽകുന്നതിലേക്കായി കൂടുതൽ സമയം ആവശ്യമാണെന്നും എൽ.എസ്.ജി.ഡി (വിജിലൻസ്) ചീഫ് ടൗൺപ്ലാനറുടെ . റിപ്പോർട്ടിന്റെ പകർപ്പ് ലഭിച്ചിട്ടില്ലെന്നും മറുപടി ലഭ്യമായിട്ടില്ലെന്നുമുള്ള ടിയാന്റെ അവകാശവാദം പരിശോധിച്ച സാഹചര്യത്തിൽ റിപ്പോർട്ട് പകർപ്പ് മുന്നാർ ഗ്രാമപഞ്ചായത്തിൽ ലഭിച്ചിട്ടുള്ളതും ആയത് ടിയാന് ലഭിച്ചിട്ടുള്ളതും റിപ്പോർട്ട് പരിശോധിച്ചശേഷമാണ് ടിയാൻ മറുപടി സമർപ്പിച്ചിട്ടുള്ളതെന്നും ടിയാൻ മറുപടിയിൽ സമ്മതിച്ചിട്ടുള്ള സാഹചര്യത്തിൽ. റിപ്പോർട്ട് ലഭ്യമായില്ലെന്ന ടിയാന്റെ വാദം നിരാകരിക്കാവുന്നതും സമയം നീട്ടി നൽകിക്കൊണ്ടുള്ള പ്രത്യേക ഉത്തരവ് ലഭ്യമായില്ലെങ്കിലും ടിയാൻ മറുപടി നൽകുന്നതുവരെയുള്ള കാലയളവ് കണക്കാക്കുമ്പോൾ ടി കാലതാമസം അനുവദിച്ചിട്ടുണ്ടെന്ന് കണക്കാക്കി ആയത് നിരാകരിക്കാവുന്നതാണ് എന്ന് ശിപാർശ ചെയ്യുന്നു.*

ii. *കുറ്റാരോപണ മെമ്മോ ലഭിക്കുന്ന കാലയളവിൽ ടിയാൻ അർബുദ രോഗബാധിതനും ചികിൽസയിലുമായിരുന്നുവെന്ന വസ്തുത ശരിയാണെന്ന് ചികിൽസാരേഖകൾ പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുണ്ട്. ടിയാന്റെ ഈ വാദം അംഗീകരിക്കാവുന്നതാണെന്ന് എന്ന് ശിപാർശ ചെയ്യുന്നു.*

iii. *2015 ജൂൺ മാസം റൂഫ് മേച്ചിൽ ഇടുന്നതിന് നിയമാനുസരണം പെർമിറ്റ് നൽകി എന്നതും പെർമിറ്റിലെ വ്യവസ്ഥകളിൽ നിന്ന് വ്യതിചലിച്ചത് ശ്രദ്ധയിൽ പെട്ടപ്പോൾ **20.12.2015**-ൽ നോട്ടീസ് നൽകി എന്നുമുള്ള ടിയാന്റെ അവകാശവാദം ശരിയാണെന്ന് ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ച്*

ബോധ്യപ്പെട്ടിട്ടുണ്ട്. എന്നാൽ ടിയാൻ **14.07.2016**-ൽ സ്ഥലംമാറ്റം ലഭിച്ച് പോകുന്നതുവരെ ടി കെട്ടിടത്തിൽ യാതൊരുവിധ നിർമ്മാണ പ്രവർത്തനങ്ങളും നടത്തിയിട്ടില്ല എന്ന് തെളിയിക്കുന്നതിനാധാരമായ രേഖകളോ തെളിവുകളോ എതിർവാദപത്രികയിലോ, നേരന്വേഷണത്തിലോ ഹാജരാക്കുന്നതിന് ടിയാന് കഴിഞ്ഞിട്ടില്ലാത്തതാണ്.പരാതികളും ഫീൽഡ് തല റിപ്പോർട്ടുകളും തനിക്ക് ലഭിച്ചിട്ടില്ലായെന്നും ടിയാൻ അവകാശപ്പെട്ടിട്ടുണ്ട്. എന്നാൽ തെളിവുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിൽ അസന്നിഗ്ദമായി ഇക്കാര്യം തെളിയിക്കാൻ ടിയാന് സാധിക്കാത്തതിനാൽ കുറ്റാരോപണ മെമ്മോയിലെ ആരോപണം നിലനിൽക്കുന്നതാണ് എന്ന് കാണുന്നതിനാൽ ഉചിതമായ നടപടികൾ സ്വീകരിക്കാവുന്നതാണെന്ന് ശിപാർശ ചെയ്യുന്നു.

iv. ശ്രീ മധുസൂദനൻ ഉണ്ണിത്താൻ രണ്ടാംതവണ മൂന്നാർ ഗ്രാമപഞ്ചായത്തിൽ സേവനത്തിൽ പ്രവേശിച്ചത് **21.06.2018**-ന് ആണ്. ടി തീയതിക്കു മുമ്പായി പരാമർശിത കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതായി കുറ്റാരോപണ മെമ്മോയിൽ പരാമർശിച്ചിട്ടുണ്ട്.അപ്രകാരം പരിശോധിക്കുമ്പോൾ **2016** ജൂൺ മാസത്തിന്റെ അവസാനതീയതികളിലൊന്നായ **21**-ന് മുന്നാർ ഗ്രാമപഞ്ചായത്തിൽ സേവനത്തിൽ പ്രവേശിച്ച ടിയാന്റെ സേവനകാലയളവിൽ ജൂൺ മാസം അവസാനിക്കുന്നതിന് **9** ദിവസങ്ങൾ മാത്രമായിരുന്നു അവശേഷിച്ചിരുന്നത് എന്നും കാണുന്നു.ടി **9** ദിവസങ്ങൾ കൊണ്ട് മാത്രമാണ് ടി കെട്ടിടത്തിലെ അനധികൃതനിർമ്മാണം പൂർത്തീകരിച്ചു എന്നത് അവിശ്വസനീയമാണ്. ആയത് പരിശോധിക്കുമ്പോൾ സേവനത്തിൽ **21.06.2018**- പ്രവേശിച്ച മുൻപായി നിർമ്മാണം പൂർത്തീകരിച്ചിരുന്നുവെന്നു കരുതാവുന്നതാണ്. ടി സാഹചര്യത്തിൽ ടിയാന്റെ സേവനകാലയളവിലല്ല അനധികൃതനിർമ്മാണം പൂർത്തിയായത് എന്ന് കരുതാവുന്നതും ടിയാൻറെ വാദം അംഗീകരിക്കാവുന്നതുമാണ് എന്ന് കാണുന്നു എന്നും ഈ കുറ്റാരോപണത്തിൽ നിന്നും ഒഴിവാക്കാവുന്നതാണെന്നും ശിപാർശ ചെയ്യുന്നു.

v. ചീഫ് ടൌൺ പ്ലാനർ വിജിലൻസിന്റെ **21.11.2019**-ലെ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള മൂന്ന് ശിപാർശകളിൽ **3**-മതായി പരാമർശിക്കുന്ന വിഷയത്തിൽ നടപടി സ്വീകരിക്കേണ്ടത് മൂന്നാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ ഉത്തരവാദിത്തമാണെന്ന് കാണുന്നു. എന്നാൽ ടി റിപ്പോർട്ട് ലഭ്യമായ **20.01.2020** തീയതിയിൽ ശ്രീ.മധുസൂദനൻ ഉണ്ണിത്താൻ മുന്നാർ ഗ്രാമപഞ്ചായത്തിൽ സേവനത്തിൽ ഉണ്ടായിരുന്നില്ലെന്ന് കാണുന്നതിനാൽ റിപ്പോർട്ടിലെ പ്രസ്തുത ശിപാർശകൾ അനുസരിച്ചുള്ള നടപടികൾ സ്വീകരിക്കുന്നതിന് ടിയാന് പ്രാഥമികമായി ഉത്തരവാദിത്തമില്ലാത്തതാണ്

എന്നും ടിയാന്റെ വാദം അംഗീകരിക്കാവുന്നതാണെന്നും കുറ്റാരോപണത്തിൽ നിന്നും ടിയാനെ ഒഴിവാക്കാവുന്നതാണെന്നും ശിപാർശ ചെയ്യുന്നു.

vi. *അനധികൃതമായി നിർമ്മിച്ച ഏതെങ്കിലും കെട്ടിടത്തിന് കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് **235 W** പ്രകാരം നടപടികൾ അന്തിമമായി സ്വീകരിക്കുന്നതുവരെ ടി കെട്ടിടത്തിന് പ്രസ്തുത നിയമത്തിന്റെ വകുപ്പ് **235 AA** പ്രകാരം നികുതി ഈടാക്കേണ്ടതാണെന്നും ആയത് ഇടാക്കുന്നതോടൊപ്പം വകുപ്പ് **215 W** തദ്ദേശ സ്ഥാപന സെക്രട്ടറി സ്വീകരിക്കേണ്ടതാണെന്നും കാണുന്നു .ടി കാലയളവിൽ മൂന്നാർ ഗ്രാമപഞ്ചായത്തിൽ സെക്രട്ടറിയായിരുന്നത് ശ്രീ.മധുസൂദനൻ ഉണ്ണിത്താൻ ആയിരുന്നില്ലെന്നും കാണുന്നു.അക്കാലയളവിലെ സെക്രട്ടറിമാർ ഫയൽ വിഷയത്തിൽ ഇത്തരത്തിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ ഒന്നും സ്വീകരിച്ചതായി കാണുന്നില്ലാത്തതാണ്. ഇപ്രകാരം നികുതി ഈടാക്കാത്തതിനാൽ ഗ്രാമപഞ്ചായത്തിന് നഷ്ടം സംഭവിച്ചുവെന്ന ടിയാൻറെ വാദം അംഗീകരിക്കാവുന്നതാണ് എന്ന് കാണുന്നതിനാൽ. ടി നഷ്ടത്തിന് ഉത്തരവാദികളായവർക്കെതിരെ ഉചിതമായ നടപടികൾ സ്വീകരിക്കാവുന്നതാണെന്ന് ശിപാർശ ചെയ്യുന്നു.*

vii. *ശ്രീ. ജെ.മധുസൂദനൻ ഉണ്ണിത്താന്റെ സേവന കാലയളവിൽ അച്ചടക്കനടപടി തീർപ്പാക്കാമായിരുന്നുവെന്നും ടി കെട്ടിടത്തിന്റെ അനധികൃനിർമ്മാണ പൂർത്തീകരണ വേളയിൽ സേവനം ചെയ്തിരുന്ന മറ്റ് സെക്രട്ടറിമാർക്കെതിരെ അച്ചടക്കനടപടി സ്വീകരിച്ചിട്ടില്ലായെന്നും ടിയാൻ നേർവിചാരണ വേളയിൽ മൊഴി നൽകിയിരുന്നു. സേവനത്തിൽ നിന്നും വിരമിച്ച സെക്രട്ടറിമാരായ ശ്രീ. എ.പി ഫ്രാൻസിസ്, ശ്രീ. പി.എസ് വിനയൻ എന്നിവരുടെ പേരുകളും കുറ്റാരോപിതരുടെ പട്ടികയിൽ വിജിലൻസ് റിപ്പോർട്ടിൽ പരാമർശമുള്ളതും അച്ചടക്കനടപടി ശിപാർശ ഉള്ളതുമാണെന്നും കാണുന്നു. എന്നാൽ ടിയാളുകളുടെമേൽ നടപടികൾ ഇല്ലാത്തതാണ് എന്നും കാണുന്നു. വിജിലൻസ് റിപ്പോർട്ട് പ്രകാരം കുറ്റാരോപിതരുടെമേൽ നടപടികൾ സ്വീകരിക്കാവുന്നതാണെന്നും ശിപാർശ ചെയ്യുന്നു.*

viii. *മനോജ് എം.എസ് എന്നയാളുടെ ഉടമസ്ഥതയിലുള്ള **3/42** നമ്പർ കെട്ടിടത്തിന് **11.10.2023** തീയതിയിലും, **05.07.2024** തീയതിയിലും അനധികൃതനിർമ്മാണം സംബന്ധിച്ച് നോട്ടീസ് നൽകുകയും ലൈസൻസ് അപേക്ഷാ ഫയലിൽ സെക്ഷൻ ക്ലാർക്ക് വിവരം രേഖപ്പെടുത്തിയിങ്കിലും താൻ തന്നെ നോട്ടീസ് നൽകിയ കെട്ടിടത്തിന് രേഖകൾ പരിശോധിക്കാതെയും ഉറപ്പുവരുത്താതെയുമാണ് സെക്രട്ടറിയായ ശ്രീ.ജെ.മധുസൂദനൻ ഉണ്ണിത്താൻ ലൈസൻസ് അനുവദിച്ചിട്ടുള്ളതെന്ന് കാണുന്നു. കെട്ടിടനമ്പർ സംബന്ധിച്ചുള്ള നടപടികൾ സംശയം ദുരീകരിക്കുന്നതിന് ആവശ്യമായ*

ടിയാന് സ്വീകരിക്കാമായിരുന്നുവെങ്കിലും രേഖകൾ പരിശോധിച്ച് ഉറപ്പുവരുത്താതെ ശ്രീ. എം. എസ്. മനോജിന്റെ ഉടമസ്ഥതയിലുള്ള **3/42** നമ്പർ കെട്ടിടത്തിന് ലൈസൻസ് നൽകിയതിൽ സെക്രട്ടറി ശ്രീ. ജെ.മധുസൂദനൻ ഉണ്ണിത്താന് വീഴ്ച സംഭവിച്ചിട്ടുള്ളതാണെന്ന് കാണുന്നതിനാൽ ടിയാനെതിരെ ഉചിതമായ നടപടികൾ സ്വീകരിക്കാവുന്നതാണെന്ന് ശിപാർശ ചെയ്യുന്നു.

ix. ശ്രീ.റെജി ജോയി, പടപ്പുരയ്ക്കൽ, ചിന്നക്കനാൽ എന്നയാളുടെ **2/445** നമ്പർ കെട്ടിടത്തിന്റെ ഏറ്റവും അടിയിൽ പ്രവർത്തിച്ചു വരുന്ന കേരളാ സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ വക ഔട്ട് ലെറ്റിനാണ് **17.04.2024**-ൽ ലൈസൻസ് നൽകിയിട്ടുള്ളത്. ലൈസൻസ് ഫയലിൽ അനധികൃത കെട്ടിടനിർമ്മാണം പ്രകാരം നോട്ടീസ് നൽകിയിട്ടുള്ള വിവരമോ ഹൈക്കോടതി ഉത്തരവ് നിലനിൽക്കുന്ന വിവരമോ സെക്ഷനോ സൂപ്പർവൈസറി ഉദ്യോഗസ്ഥരോ രേഖപ്പെടുത്തിയിട്ടില്ലായെന്ന് കാണുന്നു.എന്നാൽ സെക്രട്ടറിയായ ശ്രീ. മധുസൂദനൻ ഉണ്ണിത്താൻ തന്നെ **11.10.2023** തീയതിയിൽ ടി കെട്ടിടത്തിന്റെ പ്രവർത്തനം സംബന്ധിച്ച് ബഹു.ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നോട്ടീസ് നൽകിയിരുന്നത് പരിശോധിക്കാതെ ടി കെട്ടിടത്തിന് ലൈസൻസ് നൽകിയതിൽ സെക്രട്ടറിയുടെ ഭാഗത്തുനിന്നും വീഴ്ച സംഭവിച്ചിട്ടുള്ളതിനാൽ ടിയാനെതിരെയും ഫയൽകുറിപ്പുകളിൽ കോടതി നിർദ്ദേശം സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്താതെ വീഴ്ച വരുത്തിയ സെക്ഷൻ ക്ലാർക്ക്, സൂപ്പർവൈസറി ഉദ്യോഗസ്ഥർ എന്നിവർക്കെതിരെയും ഉചിതമായ നടപടികൾ സ്വീകരിക്കാവുന്നതാണെന്ന് ശിപാർശ ചെയ്യുന്നു.

x. ചിന്നക്കനാൽ ഗ്രാമപഞ്ചായത്തിൽ നിന്നും **2024** സാമ്പത്തികവർഷത്തിൽ ശ്രീ.മണി.സി,സെൽവ ഇല്ലം, സുര്യനെല്ലി എന്നയാൾക്ക് ശ്രീലക്ഷ്മി ഹോട്ടൽ ആൻറ് ടൂറിസ്റ്റ് ഹോം നടത്തുന്നതിനും **10/285** നമ്പർ കെട്ടിടത്തിൽ ടെക്സ്റ്റൈൽസ് ആന്റ് പ്രൊവിഷണൽ സ്റ്റോർ നടത്തുന്നതിനുമുള്ള ലൈസൻസ് അപേക്ഷകളുടെ ഫയലുകളിൽ അനധികൃത കെട്ടിടനിർമ്മാണം പ്രകാരം ടിയാന്റെ കെട്ടിടങ്ങൾക്ക് സെക്രട്ടറിയായിരുന്ന ശ്രീ. ജെ.മധുസൂദനൻ ഉണ്ണിത്താൻ **11.10.2023** തീയതിയിൽ കെട്ടിട നമ്പർ രേഖപ്പെടുത്താതെ നോട്ടീസ് നൽകിയിട്ടുള്ള വിവരവും ബഹു.ഹൈക്കോടതി വിധിന്യായം സംബന്ധിച്ച വിവരവും പരിശോധിക്കാതെയും മുൻവർഷം ലൈസൻസ് നൽകി എന്ന് രേഖപ്പെടുത്തി സെക്രട്ടറി **13.06.2024** തീയതിയിൽ ലൈസൻസ് അനുവദിച്ചിട്ടുള്ളതിൽ സെക്രട്ടറിയായിരുന്ന ശ്രീ.ജെ.മധുസൂദനൻ ഉണ്ണിത്താന് വീഴ്ച സംഭവിച്ചിട്ടുണ്ടെന്ന് കാണുന്നതിനാൽ ടിയാനെതിരെ ഉചിതമായ നടപടികൾ സ്വീകരിക്കാവുന്നതാണെന്ന് ശിപാർശ ചെയ്യുന്നു.

xi. *ചിന്നക്കനാൽ ഗ്രാമപഞ്ചായത്തിൽ നിന്നും **2024** സാമ്പത്തികവർഷത്തിൽ ശ്രീ.മണി.സി, സെൽവ ഇല്ലം, സൂര്യനെല്ലി എന്നയാൾക്ക് **10/284, 286** നമ്പർ കെട്ടിടത്തിൽ ശ്രീലക്ഷ്മി ഹോട്ടൽ ആന്റ് ടൂറിസ്റ്റ് ഹോം നടത്തുന്നതിനും **10/285** നമ്പർ കെട്ടിടത്തിൽ ടെക്സ്റ്റൈൽസ് ആന്റ് പ്രൊവിഷണൽ സ്റ്റോർ നടത്തുന്നതിനുമുള്ള ലൈസൻസ് അപേക്ഷകളുടെ ഫയലുകളിൽ **11.10.2023** തീയതിയിൽ പ്രവർത്തന നിരോധനം സംബന്ധിച്ച് നോട്ടീസ് നൽകിയിരുന്ന വിവരം ഫയൽ കുറിപ്പുകളിൽ രേഖപ്പെടുത്താതെയിരുന്ന ഫീൽഡുതല ഉദ്യോഗസ്ഥർ, സെക്ഷൻ ക്ലാർക്ക്, സൂപ്പർവൈസറി ഉദ്യോഗസ്ഥർ എന്നിവർക്കും ജാഗ്രതക്കുറവ് സംഭവിച്ചിട്ടുള്ളതായും കാണുന്നതിനാൽ ടിയാളുകൾക്കെതിരെ ഉചിതമായ നടപടികൾ സ്വീകരിക്കാവുന്നതാണെന്ന് ശിപാർശ ചെയ്യുന്നു.*

xii. *ചിന്നക്കനാൽ ഗ്രാമപഞ്ചായത്തിൽ നിന്നും **2024** സാമ്പത്തികവർഷത്തിൽ ശ്രീ എൽ. ഗണേശൻ എന്നയാളുടെ ഉടമസ്ഥതയിലുള്ള **3/405** നമ്പർ കെട്ടിടത്തിൽ ശ്രീ.അൻബുരാജ് എന്നയാൾക്ക് എൽ.ജി സ്റ്റോർ നടത്തുന്നതിന് **10-07-2024** നു ലൈസൻസ് പുതുക്കി നല്കിയതുമായി ബന്ധപ്പെട്ട് സ്ഥലപരിശോധന നടത്തിയ ഉദ്യോഗസ്ഥനും ബന്ധപ്പെട്ട സെക്ഷൻ ക്ലാർക്കും സൂപ്പർവൈസറി ഉദ്യോഗസ്ഥനും ടി കെട്ടിടത്തിന് **11.10.2023** തീയതിയിൽ ബഹു. കേരള ഹൈക്കോടതി വിധിന്യായത്തിന്റെയും ബഹു.ജില്ലാ കളക്ടറുടെ നിർദ്ദേശത്തിന്റെയും അടിസ്ഥാനത്തിൽ ടി കെട്ടിടത്തിന് **11.10.2023** തീയതിയിൽ സെക്രട്ടറി നൽകിയ നിരോധന ഉത്തരവ് സംബന്ധിച്ചോ കോടതി വിധി സംബന്ധിച്ചോ റിപ്പോർട്ട് ചെയ്തിരുന്നില്ല എന്ന് കാണുന്നു. **11.10.2023**-ൽ സെക്രട്ടറിയായിരിക്കെ താൻ തന്നെ നോട്ടീസ് നൽകിയ കെട്ടിടം എന്ന നിലക്ക് ലൈസൻസ് നൽകിയപ്പോൾ ടിയാൻ സൂക്ഷ്മ പരിശോധന നടത്തിയിട്ടില്ലായെന്നും കാണുന്നു. ആയതിനാൽ ലൈസൻസ് നൽകിയതിൽ ലൈസൻസ് നൽകിയതിൽ സെക്രട്ടറിയായിരുന്ന ശ്രീ.ജെ മധുസൂദനൻ ഉണ്ണിത്താന് ജാഗ്രതക്കുറവ് സംഭവിച്ചിട്ടുള്ളതായും ഫീൽഡ് തല ഉദ്യോഗസ്ഥർ,സെക്ഷൻ ക്ലാർക്ക് ,സൂപ്പർവൈസറി ഉദ്യോഗസ്ഥർ എന്നിവർക്ക് വീഴ്ച സംഭവിച്ചിട്ടുള്ളതായും കാണുന്നതിനാൽ ടിയാളുകൾക്കെതിരെ ഉചിതമായ നടപടികൾ സ്വീകരിക്കാവുന്നതാണെന്ന് ശിപാർശ ചെയ്യുന്നു .*

xiii. *ചിന്നക്കനാൽ ഗ്രാമപഞ്ചായത്തിൽ നിന്നും **2024** വർഷത്തിൽ ശ്രീ. മനോജ് എം.എസ്, ശ്രീ.റെജി ജോയി (ബിവറേജസ് ഔട്ട് ലെറ്റിനു വേണ്ടിയുള്ള ലൈസൻസ്), ശ്രീ. എൽ ഗണേശൻ (ശ്രീ. അൻബുരാജ്), ശ്രീ. മണി.സി (പ്രൊവിഷണൽ സ്റ്റോർ നടത്തുന്നതിന്) നൽകിയ ലൈസൻസ് രജിസ്റ്ററിൽ സെക്രട്ടറി ഒപ്പുവെച്ച് ആധികാരികമാക്കിയിട്ടില്ലായെന്ന് കാണുന്നു. കൂടാതെ ശ്രീ. മണി.സി എന്നയാൾക്ക് ശ്രീലക്ഷ്മി ഹോട്ടൽ ആന്റ് ടൂറിസ്റ്റ് ഹോം നടത്തുന്നതിനുള്ള ലൈസൻസ് അനുവദിച്ചുകൊണ്ട് രജിസ്റ്ററിൽ സെക്രട്ടറി*

*ഒപ്പുവെച്ച തീയതി **15.05.2024** ആണെന്നും ലൈസൻസ് ഫീസ് ഒടുക്കിയ തീയതി **13.06.2024** ആണെന്നും കാണുന്നു. എന്നാൽ ലൈസൻസ് സർട്ടിഫിക്കറ്റിൽ തീയതി **13.06.2024** ആണെന്നും കാണുന്നു. ലൈസൻസ് ഫീസ് ഒടുക്കുന്നതിനു മുൻപായി ലൈസൻസ് അനുവദിച്ചതായി രേഖപ്പെടുത്തപ്പെട്ടിട്ടുള്ളത് സെക്രട്ടറിയായിരുന്ന ശ്രീ.ജെ.മധുസുദനൻ ഉണ്ണിത്താന്റെ ഭാഗത്തുനിന്നുള്ള ഗുരുതരമായ വീഴ്ച ആണെന്ന് കാണുന്നതിനാൽ ടിയാനെതിരെ ഉചിതമായ നടപടികൾ സ്വീകരിക്കാവുന്നതാണെന്ന് ശിപാർശ ചെയ്യുന്നു.*

xiv. *ചിന്നക്കനാൽ ഗ്രാമപഞ്ചായത്തിൽ നിന്നും **2024** വർഷത്തിൽ ശ്രീ. മനോജ് എം.എസ്, ശ്രീ.റെജി ജോയി (ബിവറേജസ് ഔട്ട് ലെറ്റിനു വേണ്ടിയുള്ള ലൈസൻസ്), ശ്രീ. എൽ ഗണേശൻ (ശ്രീ. അൻബുരാജ്), ശ്രീ. മണി.സി (പ്രൊവിഷണൽ സ്റ്റോർ നടത്തുന്നതിന്) നൽകിയ ലൈസൻസ് രജിസ്റ്ററിൽ സെക്രട്ടറി ഒപ്പുവെച്ച് ആധികാരികമാക്കിയിട്ടില്ലായെന്ന് കാണുന്നു. കൂടാതെ ശ്രീ. മണി.സി എന്നയാൾക്ക് ശ്രീലക്ഷ്മി ഹോട്ടൽ ആന്റ് ടൂറിസ്റ്റ് ഹോം നടത്തുന്നതിനുള്ള ലൈസൻസ് അനുവദിച്ചുകൊണ്ട് രജിസ്റ്ററിൽ സെക്രട്ടറി ഒപ്പുവെച്ച തീയതി **15.05.2024** ആണെന്നും ലൈസൻസ് ഫീസ് ഒടുക്കിയ തീയതി **13.06.2024** ആണെന്നും കാണുന്നു. എന്നാൽ ലൈസൻസ് സർട്ടിഫിക്കറ്റിൽ തീയതി **13.06.2024** ആണെന്നും കാണുന്നു. ലൈസൻസ് ഫീസ് ഒടുക്കുന്നതിനു മുൻപായി ലൈസൻസ് അനുവദിച്ചതായി രേഖപ്പെടുത്തപ്പെട്ടിട്ടുള്ളതുമാണ്. ഇപ്രകാരമുള്ള സംഭവിച്ചിട്ടുള്ളതിൽ സെക്ഷൻ ക്ലാർക്ക്, സൂപ്പർവൈസറി ഉദ്യോഗസ്ഥൻ എന്നിവരുടെ ഭാഗത്തുനിന്നും വീഴ്ച വന്നിട്ടുള്ളതായി കാണുന്നു. വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ ഉചിതമായ നടപടികൾ സ്വീകരിക്കാവുന്നതാണെന്ന് ശിപാർശ ചെയ്യുന്നു.*

xv. *ബഹു.കേരള ഹൈക്കോടതിയുടെ വിധിന്യായപ്രകാരം കോടതി കേസ് നിലനിൽക്കുന്ന ഇടുക്കി ജില്ലയിലെ **8** വില്ലേജുകളിലെ **57** കെട്ടിടങ്ങൾ ഉപയോഗിക്കുന്നതിനെതിരെയും കെട്ടിട നിർമ്മാണങ്ങൾക്ക് എതിരെയും റവന്യൂ വകുപ്പ് നിലവിൽ നൽകിയിട്ടുള്ള നിരോധന ഉത്തരവുകളുടെ പകർപ്പുകളും ഭാവിയിൽ നൽകുന്ന ഉത്തരവുകളുടെയും നിർദ്ദേശങ്ങളുടെയും പകർപ്പുകളും ബന്ധപ്പെട്ട തദ്ദേശസ്ഥാപനങ്ങൾക്കും നൽകുന്നതിന് സർക്കാർ തലത്തിൽ നിർദ്ദേശം നൽകാവുന്നതാണ് എന്ന് ശിപാർശ ചെയ്യുന്നു*

6.ശ്രീ.ജെ മധുസൂദനൻ ഉണ്ണിത്താൻ സർക്കാരിൽ ലഭ്യമാക്കിയിരിക്കുന്ന തന്റെ ചികിത്സാ രേഖകളും അതോടൊപ്പം ഔപചാരിക അന്വേഷണ റിപ്പോർട്ടിൽ സ്ഥിതീകരിക്കുകയും ചെയ്തിട്ടുള്ളതും പ്രകാരം ടിയാന് ഗുരുതരമായ അർബുദരോഗം ബാധിച്ചിരിക്കുന്നത് പരിഗണിച്ചും കൂടാതെ ടിയാൻ സർവ്വീസിൽ നിന്നും വിരമിച്ചിരുന്നിട്ടും പെൻഷൻ ആനുകൂല്യങ്ങൾ ലഭ്യമാക്കാത്തത് മൂലം

ടിയാന് തുടർ ചികിത്സ നടത്തുന്നതിനടക്കം സാമ്പത്തിക പ്രതിസന്ധിയുണ്ടെന്ന വിവരം കണക്കിലെടുത്തും കെ എസ് ആർ ഭാഗം III ചട്ടം പ്രകാരം ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും 100/- രൂപ വീതം ഒരു വർഷത്തേക്ക് കുറവ് ചെയ്യുവാൻ താൽക്കാലികമായി തീരുമാനിച്ച് ശ്രീ.മധുസൂദനൻ ഉണ്ണിത്താന് പരാമർശം(14) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകുകയുണ്ടായി. കാരണം കാണിക്കൽ നോട്ടീസിന് ശ്രീ.ശ്രീ.മധുസൂദനൻ ഉണ്ണിത്താൻ പരാമർശം(15) പ്രകാരം എതിർവാദ പത്രിക സമർപ്പിക്കുകയും എതിർവാദ പത്രികയിൽ 06/10/2026 തീയതിൽ തദ്ദേശ സ്വയംഭരണ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി ടിയാനെ നേരിൽ കേൾക്കുകയും ചെയ്തിട്ടുള്ളതാണ്.

7.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.കാർമ്മൽ പള്ളിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ശ്രീ.മധുസൂദനൻ ഉണ്ണിത്താൻ 21/06/2018 വീണ്ടും മൂന്നാർ പഞ്ചായത്ത് സെക്രട്ടറിയായി സേവനത്തിൽ പ്രവേശിക്കും മുമ്പെ പൂർത്തിയായിരുന്നുവെന്ന് ഔപചാരിക അന്വേഷണ റിപ്പോർട്ടിൽ കണ്ടെത്തിയിട്ടുള്ളതുൾപ്പെടെ പരിഗണിച്ചും ശാരീരികമായി വളരെ അവശത നേരിടുന്ന ശ്രീ. ജെ. മധുസൂദനൻ ഉണ്ണിത്താന്റെ അർബുദ രോഗ ചികിത്സ തുടരേണ്ടുന്ന ഗൗരവമായ സ്ഥിതി കൂടി കണക്കിലെടുത്ത് മാനുഷികമായ പരിഗണന നൽകിയും ശ്രീ.മധുസൂദനൻ ഉണ്ണിത്താനെതിരെയുള്ള അച്ചടക്ക നടപടിയിൽ തുടർനടപടികൾ ഒഴിവാക്കി അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ഇതു സംബന്ധിച്ച തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
JASMI O P
ഡെപ്യൂട്ടി സെക്രട്ടറി

1. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം.
2. ശ്രീ.ജെ മധുസൂദനൻ ഉണ്ണിത്താൻ, മുൻ സെക്രട്ടറി (റിട്ട.), മൂന്നാർ/ചിന്നക്കനാൽ ഗ്രാമപഞ്ചായത്ത്, ഇടുക്കി. (തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം മുഖേന).
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ),കേരള,തിരുവനന്തപുരം/തൃശ്ശൂർ
4. തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ,ഇടുക്കി
5. വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി2/117/2025/തസ്വഭവ)

ഉത്തരവിൻ പ്രകാരം
Digitally signed by Sivaprasad V N
Date: 05-11-2026 11:18:06

സെക്ഷൻ ഓഫീസർ